**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 442** **09-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം നിലവിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദമാക്കാമോ ; | (എ) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയത് മൂലം ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവ് ഉണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻ വർഷങ്ങളിലേതു പോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ നികത്തുവാനും സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാന കാരണം. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ധവളപത്രം പുറപ്പെടുവിക്കേണ്ട സാഹചര്യം നിലവിൽ ഇല്ല. |
| (സി) | മുൻ സർക്കാരിന്റെ (2011-16 )കാലയളവിൽ ലഭിച്ചിരുന്നതും നിലവിൽ നിർത്തലാക്കിയതുമായ | (സി) | ചരക്ക് സേവന നികുതി നടപ്പിലാക്കിയതാണ് 2011-16 കാലയളവിന് ശേഷമുള്ള നികുതി ഭരണത്തിലെ പ്രധാന വ്യത്യാസം. പുതിയ നികുതി |

| | | | |
|---|---|---|---|
| | വരുമാന സ്രോതസ്സുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | | സമ്പ്രദായത്തിലേക്കുള്ള മാറ്റത്തോടുകൂടി സംസ്ഥാനത്തിന്റെ നികുതി ഭരണത്തിലുള്ള അധികാരം ഒരു പരിധിവരെ കവർന്നെടുക്കപ്പെട്ടുവെന്നത് വസ്തുതയാണ്. |
| (ഡി) | പ്രളയവും കോവിഡും ഒഴികെ എന്തെല്ലാം പ്രതിസന്ധികളാണ് സാമ്പത്തിക തകർച്ചക്ക് കാരണമായി കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണെങ്കിലും അതിനെ സാമ്പത്തിക തകർച്ചയായി വ്യാഖ്യാനിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ